പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – റ്റി 4591    29.06.2012- ൽ മറുപടിക്ക്

വിദേശ ജയിലുകളിലെ മലയാളികളെ നാട്ടിലെത്തിക്കുന്നതിനുള്ള ചെലവ്

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ. വി അബ്ദുൾ ഖാദർ | ശ്രീ. കെ. സി. ജോസഫ് |
| | *(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും പ്രവാസികേരളീയകാര്യവും വകുപ്പ് മന്ത്രി)* |
| (എ)വിദേശ ജയിലുകളിൽ നിന്ന് മലയാളികളെ നാട്ടിലെത്തിക്കുന്നതിനുള്ള ചെലവ് എങ്ങനെയാണ് കണ്ടെത്തുന്നത്; | (എ) വിദേശ ജയിലുകളിൽ നിന്നും മോചിതരായ നിശ്ചിത മാനദണ്ഡങ്ങൾ പാലിക്കപ്പെടുന്ന മലയാളികൾക്ക് തിരികെ നാട്ടിൽ വരുന്നതിന് ടിക്കറ്റുകൾ ലഭ്യമാക്കുന്നതിന് സ്വപ്ന സാഫല്യം പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഈ പദ്ധതിയുടെ നടത്തിപ്പിലേയ്ക്കായി സൗ ജന്യ വിമാനടിക്കറ്റുകൾ വിദേശത്തുള്ള ഐ റ്റി എൽ വേൾഡ് എന്ന സ്വകാര്യ കമ്പനിയാണ് സ്പോൺസർ ചെയ്തുവരുന്നത്. ഇതിനുപുറമെ ഇതിലേക്കായി ബജറ്റിൽ 50 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. |
| (ബി)ചെലവിനുള്ള പണം ഏതെല്ലാം കമ്പനികളാണ് വഹിക്കുന്നത്; | (ബി) നിലവിൽ സൗദി അറേബ്യയിലെ ഐ. റ്റി. എൽ എന്ന കമ്പനിയാണ് ഇപ്രകാരം മടങ്ങിയെത്തുന്നവർക്കുള്ള വിമാനടിക്കറ്റുകൾ സൗ ജന്യമായി നൽകുന്നത് . |
| (സി)ഏതെല്ലാം രാജ്യങ്ങളിൽ നിന്ന് എത്ര പേരെ ഈ സർക്കാർ അധികാരമേറ്റ ശേഷം നാട്ടിലെത്തിച്ചുവെന്ന് വ്യക്തമാക്കാമോ? | (സി) ഈ സർക്കാർ അധികാരമേറ്റ ശേഷം വിദേശ ജയിലുകളിൽ നിന്നും 25 മലയാളികളെ നാട്ടിലെത്തിച്ചിട്ടുണ്ട്. ഇവരെല്ലാവരും തന്നെ സൗദി അറേബ്യയിൽ നിന്നുമാണ് മടങ്ങിയെത്തിയത്. |

സെക്ഷൻ ഓഫീസർ